(സി) കേഡറിലെ സീനിയർ തസ്തികകളുടെയും മറ്റും ചില റിസർവു തസ്തികകളുടെയും 33⅓ ശതമാനം.

(ഡി) ഡി.വൈ.എസ്.പി. തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത തുടർച്ചയായ സർവ്വീസും പ്രസ്തുത സർവ്വീസിൽ സ്ഥിരലാവണമുള്ളവരും 54 വയസ്സ് തികയാത്തവരുമായ ഉദ്യോഗസ്ഥർ അർഹരാണ്. സീനിയോറിറ്റി ക്രമത്തിൽ നിർദ്ദിഷ്ട പരിധിയ്ക്കകത്തു വരുന്ന ഉദ്യോഗസ്ഥരെ പരിഗണിക്കുന്നു.

(ഇ) 1995-ലെ ഐ.പി.എസ്. (അപ്പോയിൻമെന്റ് ബൈ പ്രമോഷൻ) റെഗുലേഷൻസ് പ്രകാരമാണ് പ്രമോഷൻ വഴി ഇൻഡ്യൻ പോലീസ് സർവീസിലേക്ക് നിയമനം നൽകുന്നത്. ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

വനിതാപോലീസുകാരെ നിയമിക്കാൻ നടപടി

20 (20) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിലേക്ക് എത്ര വനിതാ പോലീസുകാരെ നിയമിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസമെടുക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പോലീസ് സേനയുടെ 10 ശതമാനം വനിതാ പോലീസുകാരെ നിയമിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതനുസരിച്ച് നിലവിലുള്ള വനിതാ പോലീസുകാർക്ക് പുറമേ 3500 പേരെക്കൂടി പുതുതായി നിയമിക്കേണ്ടതുണ്ട്. 902 പേരെ അടിയന്തിരമായി നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) വനിതാ പോലീസുകാരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുതിയ തസ്തികകൾ

21 (21) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു ;

(ബി) ഇവയിൽ ഗസറ്റഡ് പോസ്റ്റുകൾ എത്ര ; നോൺ ഗസറ്റഡ് പോസ്റ്റുകൾ എത്ര ;

(സി) വിദ്യാഭ്യാസവകുപ്പിലേക്ക് മാത്രമായി സൃഷ്ടിക്കപ്പെട്ട പോസ്റ്റുകളെത്ര ;

† അനുബന്ധം - XI

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം സൃഷ്ടിക്കപ്പെട്ട പോസ്റ്റുകൾക്കുവേണ്ടി മാത്രം ശമ്പളം, അലവൻസ്, സറണ്ടർ ലീവ് സാലറി എന്നീയിനങ്ങളിൽ പ്രതിവർഷം എന്തു ചെലവു വരും ;

(ഇ) ഇതിൽ വിദ്യാഭ്യാസ വകുപ്പിലേക്കുമാത്രമായി പ്രതിവർഷം എത്ര ചെലവു വരുമെന്ന് കണക്കാക്കപ്പെടുന്നു ;

(എഫ്) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഇതുവരെ പോലീസ് വകുപ്പിൽ എത്ര ഗസറ്റഡ്-നോൺഗസറ്റഡ് പോസ്റ്റുകൾ സൃഷ്ടിച്ചു ; ഇതിനുവേണ്ടി പ്രതിവർഷം എന്തു ചെലവു വരും ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ശമ്പള പരിഷ്ക്കാരം

22 (22) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം നടത്തിയ ശമ്പള പരിഷ്ക്കരണത്തിൽ ഏതെല്ലാം പോസ്റ്റുകൾക്ക് കേന്ദ്ര ഗവൺമെന്റിലെ തത്തുല്യ പോസ്റ്റുകൾക്ക് സമമായ ശമ്പളസ്കെയിൽ നൽകി ;

(ബി) ഈ ശമ്പള പരിഷ്ക്കരണത്തിൽ ഏതെല്ലാം പോസ്റ്റുകൾക്ക് കേന്ദ്ര ഗവൺമെന്റിന് തത്തുല്യ പോസ്റ്റുകൾക്ക് സമമായ ശമ്പളസ്കെയിൽ നൽകാതെയിരുന്നിട്ടുണ്ട് ;

(സി) ഇത്തരത്തിൽപ്പെട്ട പോസ്റ്റുകൾക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിലിനേക്കാൾ എന്തു തുക വീതം പ്രാരംഭത്തിലും മാക്സിമത്തിലും കുറച്ചാണ് സംസ്ഥാന ഉദ്യോഗസ്ഥന്മാർക്ക് നൽകിയതെന്ന് പറയുമോ ;

(ഡി) ഈ ഗവൺമെന്റ് ശമ്പള പരിഷ്ക്കരണം നടത്തുന്നതിന് തൊട്ടു മുമ്പ് ഗവൺമെന്റിന് വരവിനത്തിൽ കിട്ടിക്കൊണ്ടിരുന്ന ഓരോ രൂപയിൽ നിന്നും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അലവൻസിനത്തിൽ പ്രതിമാസം എത്ര പൈസ വീതം ചെലവായിക്കൊണ്ടിരുന്നു ;

(ഇ) ഈ ഗവൺമെന്റ് ശമ്പള പരിഷ്ക്കരണം നടത്തിയതിനുശേഷം തൊട്ടുവന്ന മാസത്തിൽ ഗവൺമെന്റിന് വരവിനത്തിൽ കിട്ടിക്കൊണ്ടിരുന്ന ഓരോ രൂപയിൽ നിന്നും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അലവൻസ് ഇനത്തിൽ എത്ര പൈസ വീതം ചെലവുവന്നു ;

(എഫ്) മുൻ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ ശമ്പള പരിഷ്ക്കരണത്തിന് തൊട്ടുമുമ്പുള്ള മാസത്തിൽ ആ ഗവൺമെന്റിന് വരവിനത്തിൽ കിട്ടിക്കൊണ്ടിരുന്ന ഓരോ രൂപയിൽ നിന്നും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അലവൻസിനത്തിൽ എത്ര പൈസവീതം ചെലവു വന്നിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly